വേമ്പനാട് കായൽ

226 (918) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേമ്പനാട് കായലിനെക്കുറിച്ച് പരിസ്ഥിതി പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) കായൽ കയ്യേറ്റം, മലിനീകരണം എന്നിവ തടയുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വേമ്പനാട് കായലിനെക്കുറിച്ച് ജലസേചന വകുപ്പ് പരിസ്ഥിതി പഠനം നടത്തിയിട്ടില്ല. എന്നാൽ തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന "നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ്" എന്ന സ്ഥാപനവും "വൈറ്റ്‌ലാന്റ് ഇന്റർനാഷണൽ" എന്ന സന്നദ്ധ സംഘടനയും വേമ്പനാട് കായൽ സംബന്ധിച്ച് പഠനം നടത്തിവരുന്നു.

(ബി) കായൽ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം റവന്യൂ അധികൃതരെ അറിയിക്കാറുണ്ട്. രാജ്യത്തെ ജലസ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിനായി നിലവിൽ വന്ന ജല (മലിനീകരണവും നിയന്ത്രണവും) നിയമം, 1974-ലെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുവഴി നടപ്പിലാക്കിവരുന്നു. മലിനീകരണ സാധ്യതയുള്ള എല്ലാ സ്ഥാപനങ്ങളെയും/പ്രവർത്തനങ്ങളെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു.

ഹൗസ് ബോട്ടുകളിൽനിന്നുള്ള സീവേജും ഗാർബേജും എഞ്ചിനിൽനിന്നുള്ള എണ്ണയും കായൽ മലിനീകരണം ഉണ്ടാക്കുന്നതിന് കാരണമാകുന്നു. ഇത് നിയന്ത്രിക്കുന്നതിനായി ഹൗസ് ബോട്ടുകളെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. കുമരകത്ത് ഹൗസ് ബോട്ടുകളിൽ നിന്നുള്ള സീവേജ് സംസ്കരിക്കുന്നതിനായി ഒരു പൊതു മലിനജല ശുദ്ധീകരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ഓണേഴ്സ് അസോസിയേഷൻ 180 KLD ശേഷിയുള്ള ഒരു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നീലംപേരൂർ പഞ്ചായത്തിലെ കന്നുമ്മ വില്ലേജിൽ സ്ഥാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly